# പള്ളികഥകൾ

മിനികഥകൾ　　അന്പത്തി ആറ്　　ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, മനസാ വാചാ കമ്മ്ണാ അറിയാതെ അ
ബദ്ധത്തിൽ ചാടുന്ന നിർദ്ദോഷികളെക്കുറിച്ചുള്ള കഥയാണ്
ഇപ്രാവശ്യം പറയാൻ പോകുന്നത്. ശുദ്ധഗതിക്കാക്ക് സാധാര
ണ സംഭവിക്കാറുള്ളതാണിത്. എന്നിട്ട് ആവശ്യമില്ലാതെ പേ
രുദോഷം കിട്ടുകയും ചെയ്യും.

## മനസാ വാചാ കമ്മ്ണാ

അമേരിക്കയിലെ ഒരു പട്ടണത്തിലാണ് സംഭവം നടക്കുന്ന
ത്. വഷങ്ങൾക്കു മുമ്പ് അവിടെ ഒരൊറ്റ ഓർത്ത്ഡോക്സ് ഇടവ
കയേ ഉണ്ടായിരുന്നുള്ളു. തുടക്കത്തിൽ വിശ്വാസികളെല്ലാം
വളരെ യോജിപ്പോടെയാണ് തുടങ്ങിയത്. എന്നാൽ കാലക്ര
മത്തിൽ ഓരോത്തർ അവരുടെ തൻ കാര്യ പെരുമയും പൊ
ങ്ങച്ചവും കാണിച്ചു തുടങ്ങി. എന്നിട്ടും വിശ്വാസികൾ ക്ഷമ
യോടെ മുമ്പോട്ട് ഒന്നിച്ചു തന്നെ പ്രവർത്തിച്ചു. എന്നാൽ പി
ന്നീട് വികാരിയച്ചൻ ഓരോരുത്തരുടെ പക്ഷം ചേർന്ന് പ്രവ
ർത്തിക്കാൻ തുടങ്ങിയപ്പോൾ പലക്കും അത് സഹിക്കവയ്യാതാ
യി. അവരുടെ അസഹനീയത പുറത്തു വന്നപ്പോൾ, പൊന്നി
ന്റെ മാറ്റുരയ്ക്കുന്നതു പോലെ വികാരിയച്ചന്റെ തനിനിറം എ
ല്ലാവക്കും ബോദ്ധ്യമായി. അച്ചനും അച്ചന്റെ നിലനില്പാണ
ല്ലോ പ്രധാനം. പണമില്ലാത്തവൻ പിണമെന്നതു ശരിയാണ
ല്ലോ. അച്ചൻ പണക്കാരുടെ കൂടെ അവരെ പിന്താങ്ങി അവരു
ടെ കൂടെ നിൽക്കുകയാണെന്ന് ബോദ്ധ്യമായപ്പോൾ ഒരു കൂ
ട്ടർ ഒന്നിച്ചു കൂടി അവർ വേറെ മാറിപ്പോകാൻ തന്നെ തീരു
മാനിച്ചു. ഈ പാവങ്ങളുടെ കൂടെ പോയാൽ എന്തു ചെയ്യും
എന്നതുകൊണ്ട് വളരെ കുറച്ചു പേരേ അവരുടെ കൂടെ പോ
യതുള്ളു. അങ്ങിനെ ആ ഇടവക പള്ളി രണ്ടായി. അച്ചനും
മെത്രാച്ചനും യാതൊരു കുലുക്കവുമില്ല. എപ്പോഴും ഒരിടവക,
അമേരിക്കയിൽ രണ്ടാകുന്നത് മെത്രാച്ചനെ സംബന്ധിച്ചിട
ത്തോളം അത് വളരെ നല്ല കാര്യമാണ്. കാരണം അപ്പോൾ
രണ്ട് പള്ളികളിൽ പോകാനും അവിടെ നിന്നുള്ള വരുമാനം
കിട്ടാനും സാധിക്കുമല്ലോ. കൂടാതെ വളരുന്തോറും പിളരും,
പിളരുന്തോറും വളരുമെന്ന ആപ്തവാക്യവുമുണ്ടല്ലോ. ആദ്യ
മായി അവിടെ ഇടവക തുടങ്ങിയപ്പോൾ വളരെ കുറച്ച് അംഗ
ങ്ങളേ ഉണ്ടായിരുന്നുള്ളൂ എങ്കിലും കാലക്രമേണ അംഗ സം
ഖ്യ വദ്ധിച്ചു കൊണ്ടിരുന്നു.

രണ്ടാമതു തുടങ്ങിയ പുത്തൻ ഇടവകയ്ക്ക് പ്രാരംഭത്തിൽ വള
രെ പ്രയാസങ്ങൾ ഉണ്ടായിയെങ്കിലും കാലക്രമേണ ആ പ്ര
യാസങ്ങൾ എല്ലാം മാറി. പുത്തനായി അവിടേയും പല അം
ഗങ്ങളും ഉണ്ടായി. അവരും നല്ല മനോഹരമായ ഒരു പള്ളി
യും പരിസരങ്ങളും സ്വന്തമായി വാങ്ങിച്ചു. ഇവിടെ വളച്ച
പ്രാപിക്കുന്നതറിഞ്ഞ് പഴയ പള്ളിയിലെ വികാരി പല തന്ത്ര
ങ്ങളും ഉണ്ടാക്കി അവിടെ വന്ന പല പുത്തൻ ആൾക്കാരേ
യും ഇങ്ങോട്ട് വശീകരിച്ച് കൊണ്ടു വരാൻ തുടങ്ങി. ഈ പ
ള്ളി ഒരിക്കലും ഇത്രയും പുരോഗതി പ്രാപിക്കുമെന്ന് അദ്ദേ
ഹം സ്വപ്നേപി ചിന്തിച്ചില്ല. പുത്തൻ പള്ളിക്കാർ ഗതി പിടി
ക്കാതെ മടങ്ങി ഇങ്ങോട്ടു വരുമെന്ന് അദ്ദേഹം പ്രതീക്ഷിക്കു
കയും ചെയ്തു. അങ്ങോട്ടു പോയവരിൽ ചിലർ കൂറുമാറി ഇ
ങ്ങോട്ടു വന്നത് പഴയ പള്ളിയിലെ അച്ചന് കൂടുതൽ പ്രചോ
ദനവും നൽകി.

ഒടുവിൽ ഒന്ന് വലിയ പള്ളിയും മറ്റേത് കൊച്ചു പള്ളിയുമെ
ന്നറിയപെടാറായി. പുത്തൻ പള്ളിക്കാരെയാണ് ചെറിയ പ
ള്ളിയെന്ന് പൊതുവേ അറിയപ്പെട്ടത്. അവിടെയുള്ള വളരെ
യധികം ആൾക്കാരെ വശീകരിച്ച്, വലിയ പള്ളിയിലേക്ക് വ
ലിച്ചെടുത്തു എന്നതാണ് സത്യം. പലരും കൂറുമാറി പോയി.
ഇങ്ങിനെ പോയവർ കാവിൽ കയറി കാക്കിച്ചതു പോലെ തു
പ്പാനും ഇറക്കാനും വയ്യാത്ത അവസ്ഥയിലുമായി.

കാലം പെട്ടെന്നാണ് മുൻപോട്ടു പോയത്. കൊച്ചുകുഞ്ഞുങ്ങ
ളായിരുന്നവർ ചെറുപ്പക്കാരായി. ചേറുപ്പക്കാരായിരുന്നവർ
വൃദ്ധരായി. വൃദ്ധരായിരുന്നവർ പടു വൃദ്ധരായി. പ്രായഭേദ
മെന്യേ പലരും കാലയവനിക്കുള്ളിലായി.

വറീതച്ചായനും കുടുംബവും കൊച്ചുപള്ളിയിലെയും ജോൺ
സണും കുടുംബവും വലിയ പള്ളിയിലെയും അംഗങ്ങളാണി
പ്പോൾ. വർഗ്ഗീസ് എന്നത് ലോപിച്ചാണ് വറീതെന്നായി. പ്രായ
മുള്ള അദ്ദേഹത്തെ മിക്കവറും എല്ലാവരും വറീതച്ചായൻ എ
ന്ന് വിളിച്ചു. ശുദ്ധഗതിക്കാരനായ ഇദ്ദേഹം പറയുന്നതും ചെ
യ്യുന്നതും എല്ലാം മറ്റുള്ളവക്ക് പാരയായി.

ജോൺസണിന്റെ മൂത്തമകൻ പഠിച്ച് പഠിച്ച് ഫാർമസിസ്റ്റാ
കാനുള്ളടം വെരെയായി. ഏകദേശം രണ്ടു വഷത്തെ പഠി
ത്തം കഴിഞ്ഞു. ഇനിയും ബാക്കി കൂടി തീർത്താൽ ഫാർമസി
സ്റ്റായി ജോലി നോക്കാം. ഇപ്പോൾ പഠിത്വത്തിന്റെ ഭാഗമാ
യി ഫാർമസിയിൽ പാർട്ടൈം ജോലിയും ചെയ്യുന്നുണ്ട്. വള
രെ പരിമിതമായ സമയം മാത്രമേ ജോലിയുള്ളു. അത് വള
രെ തുഛമായ ശമ്പളമേ കിട്ടുന്നുള്ളു. എന്നാലും അതും പഠി
ത്വത്തിന്റെ ഭാഗമാണ്. പ്രാക്ടിൽ ആയിട്ട് അതിന് വേറെ
ക്രെഡിറ്റ് കിട്ടും.

വറീതച്ചായനും ഭാര്യയും റിട്ടയാഡ് ആയി പെൻഷനും സോ
ഷ്യൽസെക്യൂരിറ്റിയും എല്ലാം വാങ്ങി തനിയെ താമസിക്കുക
യാണ് മക്കളെയെല്ലാം നേരത്തെ തന്നെ കെട്ടിച്ച് അവർ വള
രെ ദൂരെ മാറി താമസിക്കുകയാണ്.

നേരേ കാണുമ്പോൾ ഈ രണ്ടു പള്ളിക്കാരും ചിരിക്കുമെങ്കി
ലും ഉള്ളിന്റെയുള്ളിൽ ഭയങ്കര ശത്രുതാ മനോഭാവമാണ്.
എന്നാൽ വറീതച്ചായന് ഈ കുഴപ്പമില്ല. ദേഷ്യമുണ്ടെങ്കിൽ
അന്നേരമന്നേരം പറഞ്ഞു തീക്കും.

വറീതച്ചായനും ഭാര്യയ്ക്കും വാദ്ധ്യക്യമായപ്പോൾ എപ്പോഴും
രോഗങ്ങളുടെ ആറാട്ടാണ്. വീട്ടിൽ വലിയ മുട്ടൻ ടിവിയും അ
തിൽ ഏഷ്യാനെറ്റും സൂര്യായും എന്നു വേണ്ട എല്ലാ പരി
പാടികളും എപ്പോഴും കാണാനുണ്ട്. വിലകൂടിയ ലെതർ
സോഫായിലും റിക്ലൈനറിലുമായി എപ്പോഴും ഇരുന്ന് ഇതെ
ല്ലാം കണ്ടുകൊണ്ടിരിക്കുകയല്ലാതെ ശരീരത്തിന് യാതൊരു
വ്യായാമവും ഇല്ല. ആരെങ്കിലും വ്യായാമം ചെയ്യണമെന്ന് പറ
ഞ്ഞാൽ നാളെ മുതലാകട്ടെയെന്ന് പറഞ്ഞ്, നാളെ നാളെ നീ
ളെ നീളെയെന്നായതു മിച്ചം. എന്തായാലും രണ്ടു പേക്കും മി
ക്കവാറും ദിവസങ്ങളിൽ ഡോക്ടറെ കാണലും മരുന്നു വാങ്ങ
ലുമാണ് പ്രധാന പരിപാടി.

ജോൺസണിന്റെ മകൻ രാജൻ പ്രാക്ടീസ് ചെയ്യുന്നിടത്തു നി
ന്നുമാണിവർ മരുന്നുകൾ വാങ്ങുന്നത്. ഒരിക്കൽ അവർ വാ
ങ്ങിയ മരുന്നിൽ ഒന്ന് വേണ്ടാത്തതു കാരണം മടക്കി കൊടു
ത്തിട്ട് വീട്ടിൽ വന്നു നോക്കിയപ്പോൾ മടക്കികൊടുത്തത് അ
വക്ക് കൊടുത്തു വിട്ടു. എന്നാൽ അതിന്റെ വില വാങ്ങിയി
ട്ടുമില്ല. ഉടനെ തന്നെ വറീതച്ചായൻ അത് മടക്കി ആ കടയി
ൽ കൊണ്ടു കൊടുത്തു. അപ്പോഴേക്കും രാജൻ പൊയ്ക്കഴിഞ്ഞി
രുന്നു. കടക്കാർ കാര്യം മനസ്സിലാക്കി. പിറ്റെ ദിവസം ജോ
ലിയില്ലാതായതു മാത്രമല്ല രാജന്റെ പഠിത്വത്തെയും അതു
ബാധിച്ചു. വലിയ പള്ളിയിലെ അച്ചൻ അത് വറീതച്ചായൻ
ഈ പള്ളിക്കാരോട് മനപ്പൂവ്വം പാരവെച്ചതാക്കി വ്യാഖ്യാനിച്ച്
ജനങ്ങളിൽ കൂടുതൽ ഭിന്നിപ്പ് ഉണ്ടാക്കി. വറീതച്ചായൻ മനസ്സാ
വാചാ കമ്മ്ണാ യാതൊരു തെറ്റും ചെയ്തതല്ല.